ഉത്തരം

കമ്മീഷൻ പ്രവർത്തനം ആരംഭിച്ച് നാല് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഇതുസംബന്ധിച്ച ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.

വിദ്യാഭ്യാസ ചെലവ് വർദ്ധിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ

80 (3639) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ചെലവ് ഉയരുന്നോറും ലോ ഇൻകം ഗ്രൂപ്പിലുള്ളവർക്കും മിഡിൽ ഇൻകം ഗ്രൂപ്പിലുള്ളവർക്കും തങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസവും പ്രൊഫഷണൽ വിദ്യാഭ്യാസവും നൽകാൻ കഴിയാതെ വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലോ ഇൻകം ഗ്രൂപ്പിലും മിഡിൽ ഇൻകം ഗ്രൂപ്പിലുള്ളവരുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുവാൻ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് പറയുമോ ?

ഉത്തരം

(എ&ബി) കാലാനുസൃതമായി വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുമ്പോൾ ഫീസ് തുടങ്ങിയവയിൽ വർദ്ധനവ് വരുത്തേണ്ടതായി വരും. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് കൂടി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി സ്വാശ്രയ കോളേജുകളിലെ ബി.ടെക് കോഴ്സിന്റെ ഫീസ് വർദ്ധിപ്പിച്ചത് പകുതിയായി കുറച്ചിട്ടുണ്ട്. കൂടാതെ നിലവിൽ തുടർന്നുപോരുന്ന വിവിധ ഫീസ് ഇളവുകളിലും ആനുകൂല്യങ്ങളിലും മാറ്റം വരുത്തിയിട്ടുമില്ല.

സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ

81 (3640) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ എത്രത്തോളമായിട്ടുണ്ട് ;

(ബി) കഴിഞ്ഞ വൺഡേ വെരിഫിക്കേഷന്റെ അപഗ്രഥനം പൂർത്തിയായിട്ടുണ്ടോ ;

(സി) മൊത്തം എത്ര അദ്ധ്യാപകർ അധികമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly